**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1800** **11-10-2024 - ൽ മറുപടിയ്ക്ക്**

**റോഡപകടങ്ങൾ കുറയ്ക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് റോഡപകടങ്ങൾ കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു |
| (ബി) | 2023-24 വർഷത്തിൽ എത്ര വാഹന അപകടങ്ങളാണ് സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്നും അതിൽ എത്രപേരാണ് മരണപ്പെട്ടതെന്നും വ്യക്തമാക്കുമോ? | (ബി) | State Crime Records Bureau(SCRB )-യിൽ നിന്നും ലഭ്യമായ കണക്കുകൾ പ്രകാരം 2023 ജനുവരി മുതൽ 2024 ഓഗസ്റ്റ് വരെ സംസ്ഥാനത്ത് 80465 റോഡപകടങ്ങളും 6534 മരണങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം</u>

**എ) സംസ്ഥാനത്ത് വാഹന അപകടങ്ങൾ കുറയ്ക്കുന്നതിനായി കേരള റോഡ് സുരക്ഷാ അതോറിറ്റി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.**

1. മുൻ വർഷങ്ങളിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള അപകടങ്ങൾ സംബന്ധിച്ച പഠനങ്ങൾ നടത്തി ബ്ലാക്ക്സ്പോട്ടുകൾ കണ്ടെത്തി അവ പരിഹരിക്കുന്നതിനുള്ള തുടർ നടപടികൾ റോഡ് ഓണിംഗ് ഏജൻസികൾ, എൻഫോഴ്സ്മെൻറ് ഏജൻസികൾ എന്നിവ മുഖാന്തിരം നടത്തി വരുന്നു.

2. കാൽനടയാത്രക്കാരുടെ സുരക്ഷ മുൻനിർത്തി നടപ്പാതകൾ നിർമ്മിക്കൽ, നടപ്പാതയിലെ തടസ്സങ്ങൾ നീക്കൽ, റോഡ് സുരക്ഷാ ബോധവൽക്കരണങ്ങൾ സ്കൂൾ സോൺ പദ്ധതികൾ മുതലായവ നടപ്പിലാക്കി വരുന്നു.

3. കാൽനടയാത്രക്കാരുടെ സുരക്ഷയ്ക്കായി ടേബിൾടോപ് പെഡസ്ട്രിയൻ ക്രോസിംഗ് , സീബ്രാ കോസിംഗ്, മുന്നറിയിപ്പ് ബ്ലിങ്കറുകൾ, സിഗ്നൽ ലൈറ്റുകൾ, സൈൻബോർഡുകൾ, ഫുട്പാത്ത്, ഹാൻഡ്റെയിൽ മുതലായ റോഡ് സുരക്ഷാ സൗകര്യങ്ങൾ ഒരുക്കുന്നതിനായി റോഡ് സുരക്ഷാ ഫണ്ട് അനുവദിച്ചുവരുന്നു.

4. ഗുരുതരമായ റോഡ് അപകടങ്ങൾ റിപ്പോർട്ട് ചെയ്യുന്ന സ്ഥലങ്ങളിൽ പോലീസ് , പൊതുമരാമത്ത് തുടങ്ങിയ സ്റ്റേറ്റ് ഹോൾഡിംഗ് വകുപ്പുകളുമായി ചേർന്ന് കേരള റോഡ് സുരക്ഷാ അതോറിറ്റി സംയുക്ത പരിശോധനകൾ നടത്തി അപാകതകൾ കണ്ടെത്തി പരിഹാര നടപടികൾ നിർദ്ദേശിച്ചുവരുന്നു.

5. കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹകരണത്തോടെ റോഡ് സുരക്ഷ ഉറപ്പുവരുത്തുന്നതിനായി മോട്ടോർ വാഹന വകുപ്പ് സേഫ് കേരള പദ്ധതി നടപ്പിലാക്കിവരുന്നു.

6. മയക്കുമരുന്ന് ഉപയോഗിച്ചുകൊണ്ടുള്ള ഡ്രൈവിംഗ് കാരണം ഉണ്ടാകുന്ന അപകടങ്ങൾ കുറയ്ക്കുന്നതിന് സുരക്ഷിതമായ കാമ്പസ് എന്ന പദ്ധതി കലാലയങ്ങൾ കേന്ദ്രീകരിച്ച് മോട്ടോർ വാഹന വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു.

7. പൊതുസ്ഥലങ്ങളിൽ ലഹരി വിരുദ്ധ ബോർഡുകൾ സ്ഥാപിക്കുന്നതിനും ലഹരി ഉപയോഗം കണ്ടെത്തുന്നതിനുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനുമായി കേരള റോഡ് സുരക്ഷാ അതോറിറ്റി ഫണ്ടിൽ തുക വകയിരുത്തിയിട്ടുണ്ട്.

8. ഡ്രൈവിംഗ് ഇൻസ്ട്രക്ടേഴ്സിനും ഡ്രൈവർമാർക്കുമായി ട്രാഫിക് ബോധവൽക്കരണ പരിപാടികൾ നടത്തുന്നതിന് മോട്ടോർ വാഹന വകുപ്പിന് തുക അനുവദിച്ചിട്ടുണ്ട്.

9. ശ്രീചിത്തിരതിരുനാൾ കോളേജിന്റെ ആഭിമുഖ്യത്തിൽ ആംബുലൻസ് ഡ്രൈവർമാർ, ഡ്രൈവിംഗ് സ്കൂൾ ഇൻസ്ട്രക്ടർമാർ, സ്കൂൾ അദ്ധ്യാപകർ തുടങ്ങിയവർക്ക് റോഡ് സുരക്ഷയെക്കുറിച്ചുള്ള പരിശീലനവും ബോധവൽക്കരണ പരിപാടിയും കേരള റോഡ് സുരക്ഷാ അതോറിറ്റി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

10. റോഡ് സുരക്ഷാ നടപടികളുടെ നിർവ്വഹണത്തിന്റെയും പൊതുജനങ്ങൾക്കിടയിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന്റെയും ഭാഗമായി എഫ്.എം നെറ്റ് വർക്കിലൂടെയും , റെയിൽവേസ്റ്റേഷനുകളിൽ ജിംഗിളുകളിലൂടെയും, KSRTC ബസുകളിലൂടെയും റോഡ് സുരക്ഷാ സന്ദേശങ്ങൾ പ്രചരിപ്പിച്ചുവരുന്നു.

11. കുട്ടികളിൽ സുരക്ഷാ അവബോധം വളർത്തുക എന്ന ലക്ഷ്യം മുൻനിർത്തി കേരള റോഡ് സുരക്ഷാ അതോറിറ്റി സംസ്ഥാനത്തെ അപ്പർ പ്രൈമറി തലം മുതൽ ഹയർ സെക്കണ്ടറി തലം വരെയുള്ള തിരഞ്ഞെടുക്കപ്പെട്ട 100 ളുകളിലെ വിദ്യാർത്ഥികൾക്ക് പരിശീലന ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനായി ഓരോ സ്കൂളിനും 50,000/- രൂപ (അൻപതിനായിരം രൂപ മാത്രം) വീതം അനുവദിച്ച് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

12. സ്കൂൾ മേഖല അപകടരഹിതമാക്കുന്നതിനും, കുട്ടികളുടെ സുഗമമായ യാത്ര ഉറപ്പ വരുത്തുന്നതിനും വേണ്ടി നടപ്പാതകളും കൈവരികളും നിർമ്മിക്കൽ, ആവശ്യമായ സൈൻ ബോർഡുകൾ സ്ഥാപിക്കൽ, റോഡ് മാർക്കിംഗുകളും സീബ്രാക്രോസിംഗും സ്ഥാപിക്കൽ എന്നിവ ഉൾപ്പെടുന്ന പദ്ധതിയായ സേഫ് സ്കൂൾ സോൺ പദ്ധതിയുടെ ആദ്യഘട്ടമായി സംസ്ഥാനത്തുടനീളമുള്ള തിരെഞ്ഞടുത്ത 50 സ്കൂളുകളിൽ പൊതുമരാമത്ത് വകുപ്പുമായി ചേർന്ന് ഈ പദ്ധതി നടപ്പിലാക്കി വരുന്നു.

13. മണ്ഡല- മകരവിളക്ക് തീർത്ഥാടന കാലത്ത് ശബരിമല അപകടവിമുക്തമാക്കുക എന്ന ലക്ഷ്യം മുൻനിർത്തി മോട്ടോർ വാഹന വകുപ്പുമായി സഹകരിച്ചു കൊണ്ട് കേരള റോഡ് സുരക്ഷാ അതോറിറ്റി നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ശബരിമല സേഫ് സോൺ

14. സ്കൂൾ കാമ്പസിനകത്തും പുറത്തും സ്കൂൾ നേരിടുന്ന റോഡ് സുരക്ഷാ വെല്ലുവിളികൾ തിരിച്ചറിയുന്നതിനും സ്കൂൾ കുട്ടികളിൽ അപകടസാധ്യതയും അതിൻെറ തീവ്രതയും

കുറയ്ക്കുന്നതിനുള്ള പരിഹാര നടപടികൾ നടപ്പിലാക്കുന്നതിനും വേണ്ടി നാറ്റ്പാക്കുമായി ചേർന്ന് നടപ്പിലാക്കിയ പദ്ധതിയാണ് സേഫ് റോഡ് ടു സ്കൂൾ പരിശീലന സെഷനുകളിലൂടെയും ബോധവൽക്കരണ പരിപാടികളിലൂടെയും. വിദ്യാർത്ഥികൾക്കും, അധ്യാപകർക്കും റോഡ് സുരക്ഷാ വിദ്യാഭ്യാസം നൽകുക, സ്കൂൾ സോണുകളിൽ വാഹനങ്ങൾക്ക് സ്പീഡ് നിയന്ത്രണം, റോഡ് സുരക്ഷാ കർമ്മ പദ്ധതി നടപ്പിലാക്കൽ എന്നിവയാണ് ഇതുവഴി നടപ്പിലാക്കുന്നത്.

15. Overhanging Cables നീക്കം ചെയ്യുന്നതിനും അതുവഴി സംഭവിക്കുന്ന അപകടങ്ങൾ കുറയ്ക്കുന്നതിനും വേണ്ടി റോഡ് സുരക്ഷാ ആക്റ്റ് -2007 പ്രകാരം കർശനടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.